**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1384** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഗുണഫലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടു കൂടി 2016-21 കാലത്ത് നടപ്പാക്കിയ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" ഏതെല്ലാം മേഖലയിൽ മികവു പുലർത്തുന്നതിന് സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. 2016- 21 കാലത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ ഉണർവ് പ്രദാനം ചെയ്തു. 2017- 18 മുതൽ 2023- 24 അക്കാദമിക വർഷം വരെ 11 ലക്ഷം കുട്ടികൾ കൂടുതലായി പൊതുവിദ്യാലയ- ങ്ങളിൽ എത്തിച്ചേർന്നു. ഭൗതിക സൗകര്യ വികസനകാര്യത്തിലും വളരെ വലിയ നിക്ഷേപമാണ് 2016 മുതൽ പൊതുവിദ്യാഭ്യാസരംഗത്ത് നടത്തിയിരിക്കുന്നത്. വിദ്യാലയങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മുഴുവൻ വിദ്യാലയങ്ങളെയും സാങ്കേതികവിദ്യാ സൗഹൃദമാക്കി മാറ്റാൻ കഴിഞ്ഞു. ഇക്കാര്യങ്ങളിലെല്ലാം വളരെ വലിയ പങ്കാളിത്തവും ഇടപെടലും ആണ് പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. വിദ്യാലയ മികവ് എന്നാൽ അക്കാദമിക മികവാണ് എന്നാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ നടന്നു. പഠനത്തിൽ പരിമിതി നേരിടുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള ജനകീയശ്രദ്ധ ലഭിച്ചിട്ടുണ്ട്. |
| (ബി) | പരിതാപകരമായ പശ്ചാത്തല സൗകര്യങ്ങളിൽ നിന്നും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ ഉയർത്തുന്നതിന് 2016-21 കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയതെന്നും അതു വഴിയുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിവരിക്കാമോ; | (ബി) | പശ്ചാത്തല സൗകര്യ വികസനം വലിയ തോതിൽ നടന്നു. കിഫ്ബിയുടെ ധനസഹായത്തോടെ നടന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. ഒരു നിയോജക മണ്ഡലത്തിൽ എംഎൽഎ നിർദ്ദേശിക്കുന്ന ഒരു സ്കൂളിന് 5 കോടി ധനസഹായത്തോടെ സ്കൂൾ കെട്ടിട നിർമ്മാണ നടത്തി. ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 386 സർക്കാർ വിദ്യാലയങ്ങൾക്ക് മൂന്ന് കോടി രൂപ (റിവൈസ്ഡ് എസ്റ്റിമേറ്റിൽ 3.9 കോടി) യുടെ കെട്ടിടവും, 500 ൽ കൂടുതൽ |

| | | | |
|---|---|---|---|
| | | | കുട്ടികളുള്ള 446 സർക്കാർ സ്കൂളുകളിൽ ഒരുകോടി (റിവൈസ്ഡ് എസ്റ്റിമേറ്റിൽ 1.3 കോടി) രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത് ഇങ്ങനെയുള്ള 832 വിദ്യാലയങ്ങൾക്കാണ് കിഫ്ബി ധനസഹായത്തോടെ നിർമാണ പ്രവർത്തനം നടത്താനുള്ള ഭരണാനുമതി നൽകിയത്. ഇത് കൂടാതെ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, എസ് എസ് കെ ഫണ്ട്, വിവിധ തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, എയ്ഡഡ് സ്കൂളുകൾക്കായുള്ള ചാലഞ്ച് ഫണ്ട് എന്നിവയിലൂടെ മുമ്പെങ്ങുമില്ലാത്ത വിധമുള്ള ഭൗതിക സൗകര്യ വികസനമാണ് നടന്നിട്ടുള്ളത്. മേൽപ്പറഞ്ഞ ഫണ്ടുകൾ കൂടാതെ പൊതുസമൂഹവും അധ്യാപക രക്ഷാകർതൃസമിതിയും പൂർവ്വവിദ്യാർത്ഥി കൂട്ടായ്മകളും ഇക്കാര്യത്തിൽ സക്രിയമായി ഇടപെട്ടിട്ടുണ്ട്. |
| (സി) | 2016 മുതൽ 2023 വരെ സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലകളിലായി പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | 2016 മുതൽ 2023 വരെയുള്ള കാലയളവിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 973 സ്കൂളുകൾക്ക് (5കോടി -141സ്കൂളുകൾ, 3കോടി - 386സ്കൂളുകൾ, 1കോടി - 446സ്കൂളുകൾ) ഭൗതിക സൗകര്യ വികസനത്തിനായി തുക അനുവദിച്ചിരുന്നു. ഇതിൽ 459 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചതും നിലവിൽ നിർമ്മാണം നടന്നു വരുന്നതുമായ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ നൽകാമോ? | (ഡി) | ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ച സ്കൂളുകളുടെ വിശദാംശം താഴെ ചേർക്കുന്നു.<br>5 കോടി - 71 സ്കൂളുകൾ<br>3 കോടി - 115 സ്കൂളുകൾ<br>1 കോടി - 168 സ്കൂളുകൾ<br>ആകെ - 354 സ്കൂളുകൾ<br>ശേഷിക്കുന്ന 514 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ